## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.537 - 2/12/14-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.കെ. ബഷീർ** | **ശ്രീ. കെ.എം.മാണി**<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി |

**കേന്ദ്ര സഹായം**

| ചോദ്യം | മറുപടി |
|---|---|
| (എ) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര സഹായവും വിഹിതവും യഥാസമയം ലഭിച്ചിട്ടുണ്ടോ ? | പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള നടപ്പ് സാമ്പത്തിക വർഷത്തെ കേന്ദ്ര നികുതി വിഹിതം യഥാസമയം ലഭിക്കുന്നുണ്ട്. ഗാഡ്ഗിൽ - മുഖർജി ഫോർമുല പ്രകാരമുള്ള ധനസഹായവും തവണകളായി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാന പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതവും ലഭിച്ചു വരുന്നുണ്ട് ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ഗ്രാന്റുകൾ, കേന്ദ്ര പദ്ധതികൾ/കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള ധന സഹായം എന്നിവ മുൻ കാലങ്ങളിൽ ലഭിച്ച തുകകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനനുസരിച്ചാണ് ലഭിക്കുന്നത്. അതിനാൽ ഈ സാമ്പത്തിക വർഷം തീരുന്ന മുറക്ക് മാത്രമേ ഇവയിലെ കുറവ് തിട്ടപ്പെടുത്താൻ കഴിയുകയുള്ളു. |
| (ബി) ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ? | പിരിവ് (എ) ലെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല. |
| (സി) കേന്ദ്ര സഹായത്തിന്റെ കുറവ് സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കത്തിന് കാരണമായിട്ടുണ്ടോ ? | ഉണ്ട് |
| (ഡി) കേന്ദ്ര സഹായത്തിന്റെ കുറവ് വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | കേന്ദ്ര സഹായത്തിന്റെ കുറവ് വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ അധിക വിഭവ സമാഹരണത്തിനായി ഇന്ത്യൻ നിർമിത വിദേശ മദ്യം, സിഗററ്റ് എന്നിവയുടെ നികുതി, ഭൂനികുതി, പ്ലാന്റേഷൻ നികുതി എന്നിവയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയിൽ നിലവിലുണ്ടായിരുന്ന ഉയർന്ന പരിധി (4 ഇനത്തിൽ) ഇല്ലാതാക്കിയതിനാൽ അധിക നികുതി വരുമാനം പ്രതീക്ഷിക്കുന്നുണ്ട്. എഡ്യൂക്കേഷൻ ഫീസും നിരക്കുകളും ഒഴികെയുള്ള വിവിധ സർവ്വീസുകളുടെ ഫീസുകളുടേയും നിരക്കുകളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ സാമ്പത്തിക നിയന്ത്രണ നടപടികളും സ്വീകരിച്ചു വരുന്നു. |

Shijimol

**സെക്ഷൻ ഓഫീസർ**